Registered Tapal

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് തിരുവനന്തപുരം

EB2/423/24/ഡി.ടി.ഇ 27.06.2024

**കാരണം കാണിക്കൽ നോട്ടീസ്**

Draft #2 of File EB2/423/24/DTE Approved by Director (in-charge) on 27-Jun-2024 03:15 PM - Page 1

വിഷയം :- വിദ്യാഭ്യാസം - സാങ്കേതികം - സർക്കാർ എഞ്ചിനീയറിങ്ങ് കോളേജ് തൃശ്ശൂർ - ശ്രീ അബ്ദുസമദ് കെ വി, ട്രേഡ് ഇൻസ്ട്രക്ടർ - കെമിക്കൽ എഞ്ചിനീയറിംഗ് - അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് - സംബന്ധിച്ച്.

സൂചന :- തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ്ങ് കോളേജ് പ്രിൻസിപ്പാളിൻറെ 18/12/2023 തീയതിയിലെ ഇ2/10530/2023 നമ്പർ കത്ത്.

ശ്രീ.അബ്ദുസമദ് കെ.വി, എന്ന താങ്കൾ തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ്ങ് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ (കെമിക്കൽ എഞ്ചിനീയറിംഗ്) തസ്തികയിൽ സേവനത്തിൽ തുടരവേ വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി KSR Part I Appendix XII A പ്രകാരം 02.11.2012 പ്രാബല്യത്തിൽ 3 വർഷത്തെ ശൂന്യവേതനാവധി എടുക്കുകയും വീണ്ടും 5 വർഷത്തേയ്ക്ക് കൂടി 24.11.2015 പ്രാബല്യത്തിൽ അവധി ദീർഘിപ്പിക്കുകയും തുടർന്ന് 3 വർഷത്തേയ്ക്ക് കൂടി 24.11.2020 പ്രാബല്യത്തിൽ അവധി ദീർഘിപ്പിക്കുകയും ചെയ്തു. ആകെ 11 വർഷം താങ്കൾ അവധിയിൽ ആയിരുന്നു. ശേഷം അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ടത് അനുസരിച്ച് ഒഴിവില്ലാതിരുന്നിട്ടും ജൂനിയർ ആയ ഉദ്യോഗസ്ഥയെ തരം താഴ്ത്തി താങ്കൾക്ക് പുന;പ്രവേശനം നല്കുകയും 25.11.2023 ൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്ത താങ്കൾ 27.11.2023 മുതൽ 120 ദിവസത്തെ ശൂന്യവേതന അവധി അപേക്ഷ സമർപ്പിച്ച് ലീവ് അനുവദിക്കാതെതന്നെ അവധിയിൽ പ്രവേശിച്ചു. ആയതിന് ശേഷം നാളിതുവരെയായി താങ്കൾ ജോലിയ്ക്ക് ഹാജരായിട്ടില്ല.19.09.2012 ൽ ജോലിയിൽ പ്രവേശിച്ച താങ്കൾ നിലവിലെ തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കാതെയാണ് അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നത് . താങ്കൾ നിലവിൽ വിദേശത്ത് പെട്രോ കെമിക്കൽ കമ്പിനിയിൽ ജോലി നോക്കുന്നതായുള്ള ആക്ഷേപം നിലനിൽക്കുന്നു.

KSR Part I Appendix XII A ഖണ്ഡിക 9 പ്രകാരം ഇത്തരത്തിൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് സേവനം അവസാനിപ്പിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചു വിടാതിരിക്കുവാൻ മതിയായ കാരണങ്ങൾ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടി **15 ദിവസത്തിനകം** രേഖാമൂലം , സ്ഥാപന മേധാവി മുഖാന്തിരം ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ താങ്കളുടെ ഭാഗത്ത് നിന്നും ഈ നോട്ടീസിൻമേൽ മറുപടി ലഭിക്കാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകുവാൻ ഇല്ലായെന്ന നിഗമനത്തിൽ മറ്റൊരു അറിയിപ്പും കൂടാതെ താങ്കൾക്കെതിരെ **കേരള സിവിൽ സർവീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ ആൻറ് അപ്പീൽ) ചട്ടങ്ങൾ,1960 ലെ പാര 15 (2) (a)** പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

Dr. ഷാലിജ് പി ആർ

ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ് :

1. ശ്രീ അബ്ദു സമദ് കെ വി,ട്രേഡ് ഇൻസ്ട്രക്ടർ,കെമിക്കൽ എഞ്ചിനീയറിംഗ് (സ്ഥാപന മേധാവി മുഖേന )
2. ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. പ്രിസിപ്പാൾ സർക്കാർ എഞ്ചിനീയറിങ് കോളേജ്,തൃശ്ശൂർ

Approval Valid

Digitally Approved By
Dr. ഷാലിജ് പി ആർ
Date: 27.06.2024
Reason: Approved

Draft #2 of File EB2/423/24/DTE Approved by Director (in-charge) on 27-Jun-2024 03:15 PM - Page 2

The document is digitally approved. Hence signature is not needed.